# G.V.H.S.S Kallara

Email: gvhsskallara@gmail.com
website: www.vhsskallara.in

## Little Kites 2019-'20



# ശലഭം

LK/2018/42071



മാലി ഗോപിനാഥ്

( പ്രിൻസിപ്പാൾ ഗവഃ വി എച്ച് എസ് എസ് കല്ലറ )

പ്രിയമുള്ളവരേ,

*" വിവരസാങ്കേതിക വിദ്യയിൽ വിദ്യാർത്ഥികൾക്ക്*
*വൈദഗ്ധ്യം നൽകുന്നതിനായി*
*രൂപീകൃതമായ " ലിറ്റിൽ കൈറ്റ്സ് "*
*എന്ന കുട്ടി കൂട്ടായ്മ നേതൃത്വത്തിൽ*
*നമ്മുടെ കൊച്ചുകൂട്ടുകാർ തയ്യാറാക്കിയ*
*" ശലഭം " ഉള്ളടക്കത്തിലും അവതരണത്തിലും*
*പുതുമ പുലർത്തുന്നതിൽ വളരെയധികം അഭിമാനിക്കുന്നു .*
*മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഒരു സമൂഹത്തെ*
*സേഷ്ടിക്കുന്നതിന് എഴുത്തും വായനയും*
*മികച്ച ഉപാധിയാണെന്ന തിരിച്ചറിവ്*
*വിദ്യാർത്ഥികൾക്കിടയിൽ ഊട്ടി ഉറപ്പിക്കുവാൻ*
*ഈ ഉദ്യമത്തിലൂടെ കഴിയട്ടെ എന്ന് ആശംസിക്കുന്നു.*
*സാഹിത്യപരമായ കഴിവുകളെ*
*പ്രോൽസാഹിപ്പിക്കുന്ന തരത്തിലുള്ള*
*ഇത്തരം പ്രവർത്തനങ്ങൾ തുടരുവാൻ*
*മറ്റ് കൂട്ടുകാർക്കും " **ശലഭം** "*
*ഒരു നിമിത്തം ആകട്ടെ .*

സ്നേഹപൂർവ്വം,

മാലി ഗോപിനാഥ്

( പ്രിൻസിപ്പാൾ ഗവഃ വി എച്ച് എസ് എസ് കല്ലറ )



**എം എസ് ജിനബാല**

**( ഹെഡ്മിസ്ട്രസ് ഗവഃ വി എച്ച് എസ് എസ് കല്ലറ )**

പ്രിയമുള്ളവരേ,

കല്ലറ ഗവൺമെന്റ് വൊക്കേഷണൽ
ഹയർസെക്കൻഡറി സ്കൂളിന്റെ
മഹത്തായ പാരമ്പര്യത്തിന്റേയും വളർച്ചയുടെയും
സാമൂഹ്യ പ്രതിബദ്ധതയുടെയും നേർചിത്രങ്ങൾ
അടയാളപ്പെടുത്തുകയാണ് ഈ എളിയ പരിശ്രമത്തിന്റെ ലക്ഷ്യം.
ജ്ഞാനത്തിന്റേയും കലയുടേയും സംസ്കാരത്തിന്റേയും
നേർസാക്ഷ്യമായി ഈ നാടിന്റെ നന്മയിൽ എന്നും
പ്രമുഖ സ്ഥാനമുണ്ടായിരുന്ന ഈ സ്കൂളിന്റെ
പുരോഗതിയിൽ നാഴികക്കല്ലുകളായ വ്യക്തികളെയും
സംഭവങ്ങളെയും ഓർത്തെടുക്കാനുള്ള
ഒരു ശ്രമമാണിവിടെ നടത്തിയിട്ടുള്ളത് .
ദേശ സ്നേഹത്തിന്റെ പ്രതീകമായ ഒരു നാടിന്റെ
പുമുഖത്ത് വിളക്കായി തെളിയുന്ന ഈ സ്ഥാപനം
മേൽക്കുമേൽ അഭിവൃദ്ധി പ്രാപിക്കുവാൻ ഞങ്ങൾക്കു
പിന്തുണ തരുന്ന നല്ലവരായ നാട്ടുകാർക്കും
സുഹൃത്തുക്കൾക്കും ആശംസകൾ നേരുന്നു .
ഇതിൽ പങ്കാളികളായ എല്ലാവർക്കും ഇതിന്റെ
സംഘാടകരായ " ലിറ്റിൽ കൈറ്റ്സ് " കുട്ടികൾക്കും
അധ്യാപകർക്കും സ്കൂളിന്റെ പേരിലുള്ള
നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.

സ്നേഹപൂർവ്വം,

ചീഫ് എഡിറ്റർ,
എം എസ് ജിനബാല
( ഹെഡ്മിസ്ട്രസ് )



**ജി വിജയൻ**

**പി ടി എ പ്രസിഡന്റ്**

*കേരളസർക്കാരിന്റെ നവകേരള മിഷന്റെ
ഭാഗമായുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ
കാലയളവിൽ നമ്മുടെ വിദ്യാലയം" അന്തർ ദേശീയ നിലവാരത്തിലേക്ക്
ഉയരുന്നതിലുള്ള   കർമ്മപദ്ധതികൾ  പുരോഗമിക്കുന്ന
ഈ കാലത്ത്  സ്കൂളിന്റെ ഈ സംരംഭത്തിന്
ഒരായിരം ഭാവുകങ്ങൾ !*

# ചുമതലാവിഭജനം

## മാഗസീന് പേര് നിശ്ചയിക്കൽ

ആദിൽ എസ്
അബിൻ ബി
ഫൈസൽ എസ്
നിഫാ തസ്നിം
അജ്മിയ

## സൂക്ഷ്മപരിശോധന

ദൃശ്യ എ ആർ
പൗർണമി സുരേഷ്
ഫർഹാന എം എസ്
യാസിർ മുഹമ്മദ്
അക്ഷയ

## ടൈപ്പിംഗ്

ഫായിസുൽ റഹ്മാൻ എസ്
തൻസീർ റ്റി
ആബിദ് റഹ്മാൻ
ജാസ്ന എ എൻ
അഞ്ചിമ എ എസ്
ആർച്ച കൃഷ്ണാ
മഹാദേവ്
കൃഷ്ണാഞ്ജന
അഭിരാമി
വിജയലക്ഷ്മി
ആമിന
നന്ദകൃഷ്ണൻ

## വിഭവങ്ങൾ ശേഖരിക്കുന്നത്

ഷെഹ്ന
അമൃത
ആരതി
അൽത്താഫ്
നന്ദു കൃഷ്ണൻ എസ്

## എഡിറ്റിംഗ്

ജോതി കൃഷ്ണൻ എസ്
വിഷ്ണു ഗോപൻ
ആവണി
നിരൻ ബി നായർ
മേഘരാഗ്

## ഡിസൈനിംഗ്

ആലംഷാ
ശ്രീഹരി

## കവർ ചിത്ര നിർമ്മാണം

നമിത
അഫ്സാന

## സ്റ്റുഡന്റ് എഡിറ്റർ

ബീഗം ഫിസ എസ് എസ്

പ്രിയമുള്ളവരേ ,

*കൊഴിഞ്ഞുപോയ ഡിസംബർ ബാക്കി വച്ച*
*വെൺമൊട്ടുകൾ,ജനുവരിയുടെ ജാലകപ്പാളിയിൽ*
*മൊഴികളായ് പൂത്ത സൗരഭം*
*ഇവിടെ നാം പങ്കുവയ്ക്കുന്നു ...*
*അസ്വസ്ഥതയുടെ പ്രളയകാലം,*
*ഇത്രനാൾ കാത്ത ചിലത് എന്തൊക്കയോ*
*തകർത്ത് നൃത്തമാടുന്ന നേരം ...*
*നമ്മളിൽ നിന്നു നാം പലതായിപ്പിരിഞ്ഞിന്നു ഞങ്ങളായ് മാറുന്നപോലെ...*
*അരുത് ...*
*അക്ഷരം കൈപിടിച്ചുയിരു ചേർക്കുന്ന നാൾ*
*ഇനിയുമുണ്ടാവേണമിവിടെ ...*
*ഞങ്ങളിൽ ഞാൻ എന്നതേ ഉള്ളു... നമ്മളിലെ നന്മയുള്ളു...*
*വെറുതെ വീണുടയുന്ന വാശികൾക്കപ്പുറം*
*വിലയുണ്ട് വാക്കുകൾക്ക് ...*
*അവതന്ന ചിന്തയുടെ വേരുകൾക്ക് ...*
*ഞാനെന്ന ഭാവത്തിനപ്പുറം*
*എനിക്ക് എന്ത് നൽകാനാവുമെന്നതേ ശ്രേഷ്ടം....*
*ഈ താളുകൾ പോലെ തലമുറകൾ മറിയുമ്പോൾ*
*അതു മാത്രമേ കാലം ഓർത്തുവയ്ക്കൂ ...*
*ഈ കൊടും വേനലിൽ ഇവിടെപ്പഴോ വീണ മഴത്തുള്ളികൾ*
*സർഗ്ഗഭാവങ്ങളായ് , ഹരിത വർണ്ണങ്ങളിൽ, വിവിധ രൂപങ്ങളിൽ*
*നാമ്പെടുക്കുന്നു ...*

*സ്നേഹപൂർവ്വം,*

*സ്ററാഫ് എഡിറ്റർ : എൻ സുനിൽകുമാർ*
*( എച്ച് എസ് ടി മലയാളം )*

# സ്കൂളിന്റെ ചരിത്രം

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിലെ കല്ലറ പഞ്ചായത്തിലാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. വാമനപുരത്തിനപ്പുറത്ത് കൊല്ലവർഷം 1080 ന് മുൻപ് വിദ്യാലയങ്ങൾ ഉണ്ടായിരുന്നതായി അറിവില്ല. ശ്രീമൂലം തിരുനാൾ മഹാരാജാവ് പ്രാഥമിക വിദ്യാഭ്യാസത്തിന് വളരെ പ്രാധാന്യം നൽകിയിരുന്നു. അക്കാലത്താണ് ഈ പ്രദേശത്ത് കല്ലറ പഞ്ചായത്തിലെ ആദ്യവിദ്യാലയം ആരംഭിക്കുന്നത്. 1088 ഇടവം എന്നാണ് സ്കൂളിന്റെ സ്ഥാപന വർഷത്തെക്കുറിച്ച് അറിയാൻ കഴിഞ്ഞത്. 1957 വരെ പ്രൈമറി വിഭാഗം മാത്രമായിരുന്ന സ്ഥാപനം 1957 മുതൽ മിഡിൽ സ്കൂളായും , 1976 – ' 77 മുതൽ ഹൈസ്കൂളായും ഉയർത്തി.

ഇന്ന് ഹയർസെക്കൻഡറി ഒഴികെ 2501 വിദ്യാർത്ഥികൾ പഠിക്കുന്ന പഞ്ചായത്തിലെ പഞ്ചായത്തിലെ ഏറ്റവും വലിയ വിദ്യാലയമാണിത്. ഈ സ്കൂളിലെ ആദ്യത്തെ പ്രഥമാധ്യാ – പകൻ ശ്രീ. കെ കുട്ടൻപിള്ളയും ആദ്യത്തെ വിദ്യാർത്ഥി പാറു അമ്മയും ആണ്. സിനിമാ പിന്നണിഗായകൻ ശ്രീ. കല്ലറ ഗോപൻ , പ്രൊഫ. രമേശൻ നായർ , നടി കല്ലറ അംബിക , കവി ശ്രീ. കല്ലറ അജയൻ എന്നിവർ ഈ സ്കൂളിലെ പൂർവവിദ്യാർത്ഥികളാണ്.

ഏകദേശം രണ്ടര ഏക്കറിൽ എട്ട് കെട്ടിടങ്ങളിലായാണ് സ്കൂൾ നിലനിൽക്കുന്നത്. ഇപ്പോഴത്തെ പ്രിൻസിപ്പാൾ ശ്രീമതി. മാലി ഗോപിനാഥ് , പ്രഥമാധ്യാപിക ശ്രീമതി. എം എസ് ജിനബാല , പി ടി എ പ്രസിഡന്റ് ശ്രീ. ജി വിജയൻ, സ്റ്റാഫ് സെക്രട്ടറി ശ്രീ. എ മൻസൂർ പി ടി എ സെക്രട്ടറി ശ്രീ. എസ് സുനിൽകുമാർ എന്നിവരാണ്.

എച്ച് എസ് വിഭാഗത്തിൽ 52 ഉം , എൽ പി വിഭാഗത്തിൽ 17 ഉം , യു പി വിഭാഗ ത്തിൽ 20 ഉം , പ്രീ-പ്രൈമറി വിഭാഗത്തിൽ 8 ഉം , വി എച്ച് എസ് ഇ വിഭാഗത്തിൽ 11 ഉം ഡിപ്ളോയിഡ് 1 ഉം , ഉൾപ്പെടെ 109 അധ്യാപകരുണ്ട്. ആകെ 2495 വിദ്യാർത്ഥികളുള്ളതിൽ 461 കുട്ടികൾ എൽ പി വിഭാഗത്തിലും 485 കുട്ടികൾ യു പി വിഭാഗത്തിലും 1349 കുട്ടികൾ എച്ച് എസ് വിഭാഗത്തിലും പഠിക്കുന്നു. ഇതു കൂടാതെ വി എച്ച് എസ് എസ് ഇ വിഭാഗത്തിൽ 105 കുട്ടികളും പഠിക്കുന്നു.

പ്രിയമുള്ളവരേ,

*ലോകം ഭൂമിയ്ക്കപ്പുറത്തേയ്ക്ക്*
*വ്യാപിക്കുകയാണെങ്കിലും*
*വൈജ്ഞാനികലോകം*
*നമ്മുടെ വിരൽത്തുമ്പിലായിക്കഴിഞ്ഞു.*
*സൈബർ ലോകത്തിന്റെ വികസനമാണ്*
*സാങ്കേതികവിദ്യയിലെ ഈ ഉയർച്ചയ്ക്ക് കാരണം.*
*കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ*
*കുട്ടികൾക്ക് ഈ വികസനത്തിന്റെ*
*ഭാഗഭാക്കാകുവാൻ കഴിഞ്ഞത്*
*" ലിറ്റിൽ കൈറ്റ്സ് "എന്ന പദ്ധതിയിലൂടെയാണ്.*
*നമ്മുടെ വിദ്യാലയത്തിലെ കൂട്ടുകാരുടെ*
*സർഗ്ഗവാസനയെ പരിപോഷിപ്പിക്കുന്നതിനും*
*അവയെ എല്ലാവരിലേയ്ക്കും*
*എത്തിക്കുന്നതിനുംവേണ്ടി ഡിജിറ്റൽ*
*സാങ്കേതികവിദ്യ ഉപയോഗിച്ച്*
*" ലിറ്റിൽ കൈറ്റ്സ് "*
*കൂട്ടുകാരും അദ്ധ്യാപകരും ചേർന്ന്*
*തയാറാക്കിയ ഈ മാഗസിൻ*
*നിങ്ങൾക്കായി സമർപ്പിക്കുന്നു.*

*സ്നേഹപൂർവ്വം,*

*സ്റ്റുഡന്റ് എഡിറ്റർ*
ബീഗം ഫിസ .എസ്.എസ് ( 9 എച്ച് )

# സ്കൂൾ പാർലമെന്റ് ഭാരവാഹികൾ

**ചെയർമാൻ**

*അനീഷ് എസ്*
( വി എച്ച് എസ് ഇ രണ്ടാം വർഷം )

**വൈസ് ചെയർമാൻ**

ഫാത്തിമാ ബീവി എസ്
( 10 സി )

**സെക്രട്ടറി ( സ്കൂൾ ലീഡർ )**

മുഹമ്മദ് ഷെഹിൻ എച്ച് ( 10 ഇ )

**ജോയിന്റ് സെക്രട്ടറി**

ജെസ്ന എസ്
( വി എച്ച് എസ് ഇ ഒന്നാം വർഷം )

**കായിക വേദി സെക്രട്ടറി**

അഭിനവ് എ എസ് ( 9 ജി )

**കായികവേദി ജോയിന്റ് സെക്രട്ടറി**

അഞ്ജന രാജീവ് ( 10 ബി )

**കലാവേദി സെക്രട്ടറി**

അജ്ന ( 8 ജി )

**കലാവേദി ജോയിന്റ് സെക്രട്ടറി**

വിശാഖ് വി ( 8 എൻ )

**സാഹിത്യ വേദി സെക്രട്ടറി**

കൈലാസ് എ ജി ( 10 ഐ )

**സാഹിത്യ വേദി ജോയിന്റ് സെക്രട്ടറി**

സയാന കെ എസ് ( 10 ഡി )

സുനിൽ കുമാർ എൻ
എച്ച് എസ് ടി മലയാളം

# സന്ദർശനം

നിലച്ച വാക്കിൽ നിശബ്ദസ്മിതം  പാകി
നീ കിടപ്പൂ നിത്യ നിദ്രതൻ വെണ്മയിൽ
നിറഞ്ഞ കണ്ണിരിനാഴങ്ങളിൽ മുങ്ങി
നനഞ്ഞിരിപ്പൂ ചാരെയിളം കുരുന്നുകൾ
എത്രയോ കഥകെട്ടുകൾക്കപ്പുറം
മിഥ്യയായിത്തീരുമോർമ്മപട്ടങ്ങളിൽ
ഇത്രമാത്രമേ ജീവിതമെന്നോതാൻ
കത്തിനിൽപ്പൂ തലയ്ക്കൽ നറുതിരി ...!

പറന്നു നാമന്നോരെ ത്തുവല്പപക്ഷികൾ
പഠനകാലത്തിന്റെ സൗഹൃദാകാശത്തിൽ
പുസ്തകങ്ങളിൽ നിന്നക്ഷരപ്പൂവുകൾ
എത്രയോവട്ടമിറുത്ത സഹയാത്രികർ ...!
കൂർത്ത കല്ലിൻ മുനമ്പത്തു കാൽവെച്ചു
നേർത്ത നോവുപോൽ നീ നടക്കുമ്പോഴും
കത്തിച്ചു വച്ചിരുന്നപ്പോഴും കൺകളിൽ
ഇത്തിരിവെട്ടം പ്രതീക്ഷ തൻ പൊട്ടുപോൽ ...!

എത്രവേഗത്തിൽ പൊലിഞ്ഞതു ദൂരത്തെ
ചക്രവാളത്തിന്നഗാധ വർണങ്ങളിൽ ...!
വിദ്യാലത്തിലിടനാഴിയിൽക്കൂടി
പാദപതന നിനാദങ്ങളില്ലാതെ,
ശാലീനയായി ,സ്വച്ഛശാന്തയായ് നീങ്ങു-
ന്നാരോർമയായ് നീ നടന്നില്ലാതെയാകുന്നു ...!
തകർത്തീടുന്നു മഴ ,നിനക്കിതാനന്ദമോ ?
അകത്തു നീ കാത്ത കണ്ണീർ പ്രവാഹമോ ?
പിരിയുവാൻ നേരമായി , പ്രിയ സുഹൃത്തേ ഇവിടെ
വരിക വേണ്ടയിനി ,ഇതന്ത്യ സന്ദർശനം ...!

- ആവണി എസ് ആർ

9 സി

# എലിയുടെ ഉപദേശം

ഒരിടത്തു ഒരു എലി ഉണ്ടായിരുന്നു .ആ എലി ഒരു തട്ടുമ്പുറത്താണ് വസിച്ചിരുന്നത് ഒരു ദിവസം ആ എലി ഒരു കാഴ്ച കണ്ടു . അവിടത്തെ വീട്ടുടമസ്ഥൻ എലിയെ കുരുക്കാൻ കെണി വെയ്ക്കുന്നു .ഇത് കണ്ട എലി പരിഭ്രാന്തനായി .എലി ഈ സമയം ഒരു പാമ്പിനെ കണ്ടു .ഈ വിവരം എലി പാമ്പിനോട് പറഞ്ഞു .പക്ഷെ പാമ്പ് അത് പുച്ഛത്തോടെ നിരസിച്ചു . എലി അതുപോയി ആടിനോട് പറഞ്ഞു .ആട് അത് കേട്ട ഭാവം പോലും നടിച്ചില്ല .ഒടുവിൽ എലി ഇക്കാര്യം പോത്തിനോട് പറഞ്ഞു .അപ്പോൾ പോത്ത് പറഞ്ഞു .ഞാൻ എലി അല്ലല്ലോ .ഞാൻ എന്തിനു വിഷമിക്കണം .ഒടുക്കം എലി ഒറ്റയ്ക്ക് പോയിരുന്നു വിഷമിക്കാൻ തുടങ്ങി. അന്ന് രാത്രി വീട്ടുടമസ്ഥൻ എലിക്കെണി വെച്ചു .പക്ഷെ എലിക്ക് പകരം പാമ്പാണ് ആ കെണിയിൽ കുടുങ്ങിയത് .എലിയെ കിട്ടിയ സന്തോഷത്തിൽ വീട്ടുടമസ്ഥൻ കൂട്ടിൽ കയ്യിട്ടതും പാമ്പ് അദ്ദേഹത്തെ കൊത്തി .വേദന കൊണ്ട് വീട്ടുടമസ്ഥൻ പാമ്പിനെ കൊന്നു . പാമ്പ് കൊത്തിയതിന്റെ ചികിത്സക്കായി അടുത്തുള്ള നാട്ടുവൈദ്യനെത്തി .അദ്ദേഹം പറഞ്ഞു ഉടൻ തന്നെ ആട്ടിൻസൂപ്പ് തയ്യാറാക്കാൻ .അങ്ങനെ ആടിനെയും കൊന്നു .നിർഭാഗ്യവശാൽ വീട്ടുടമസ്ഥനെ രക്ഷിക്കാനായില്ല .അതിനാൽ അവിടെ വന്നവരെല്ലാം മരണച്ചടങ്ങിന് പോത്തിനെ കൊന്ന് കറിവെച്ചു ഭക്ഷിച്ചു .

ഗുണപാഠം : മറ്റൊരുവന്റെ ആപത്തിൽ ഒരിക്കലും സന്തോഷിക്കരുത് .

***തന്റെ മകൻ പഠിക്കുന്ന സ്കൂളിലെ അധ്യാപകന് അമേരിക്കൻ പ്രസിഡന്റ് എബ്രഹാം ലിങ്കൺഎഴുതിയെന്ന് കരുതപ്പെടുന്ന കത്ത്***



" എല്ലാവരും നീതിമാന്മാരല്ലെന്നും സത്യസന്ധരല്ലെന്നും
അവന് പഠിക്കേണ്ടി വരും , എനിക്കറിയാം.
പക്ഷേ ഓരോ തെമ്മാടിക്കും പകരമൊരു
നായകനുണ്ടെന്നും ഓരോ കപടരാഷ്ട്രീയകാരനും
പകരം അർപ്പണബോധമുള്ള ഒരു നേതാവുണ്ടെന്നും
അവനെ പഠിപ്പിക്കണം. എല്ലാ ശത്രുക്കൾക്കുമപ്പുറം
ഒരു സുഹൃത്തുണ്ടാവുമെന്ന് അവനെ പഠിപ്പിക്കണം "

ആഷിന നൗഷാദ്
4 സി

## കവിതകൾ

### മഴ

മഴ... മഴ... മഴ... മഴ... വന്നല്ലോ .
ചറ... പറ... ചറ... പറ... പെയ്തല്ലോ
പുഴകളാകെ നിറഞ്ഞല്ലോ
ഡാമുകളെല്ലാം തുറന്നല്ലോ
ആളുകൾ ക്യാമ്പുകളിലെത്തിയല്ലോ
മഴ... മഴ... മഴ... മഴ... വന്നല്ലോ .
ചറ... പറ... ചറ... പറ... പെയ്തല്ലോ
മഴ... മഴ... മഴ... മഴ... വന്നല്ലോ .
ചറ... പറ... ചറ... പറ... പെയ്തല്ലോ.

### പൂവ്

തെറ്റിപ്പൂവേ ,തെറ്റിപ്പൂവേ നിന്നുടെ
നിറമാകെ പലതാണേ
മുല്ലപ്പൂവേ ,മുല്ലപ്പൂവേ നിന്നുടെ
നിറമാകെ വെള്ളയാണെ
റോസാപ്പൂവേ ,റോസാപ്പൂവേ നിന്നുടെ
നിറമാകെ പലതാണേ
നീലക്കുറിഞ്ഞി ,നീലക്കുറിഞ്ഞി നിന്നുടെ
നിറമാകേ വൈലറ്റ് ആണേ

### പൂമ്പാറ്റ

പൂക്കൾ തോറും പാറിനടക്കും പൂമ്പാറ്റ
പല നിറമുള്ളൊരു പൂമ്പാറ്റ
പൂന്തേനുണ്ണം പൂമ്പാറ്റ
പൂന്തോട്ടത്തിൽ പൂമ്പാറ്റ
എത്ര മനോഹരമെൻ പൂമ്പാറ്റ

# പൂക്കൾ

അൽ അമീൻ എൻ എസ്

3 എ

വെള്ളത്തിൽ വിരിയുന്ന പൂവേ
വെള്ളത്തിൽ വിരിയുന്ന പൂവേ
ചന്തമേറും നിന്നുടെ പേരൊന്നു ചൊല്ലാമോ പൂവേ
താമരയാണെന്റെ പേര് താമരയാണെന്റെ പേര്

പൂക്കളിൽ രാജകുമാരി ഞാനെന്ന പൂവാണല്ലോ
ചുവന്ന നിറമുള്ള പൂവേ ചുവന്ന നിറമുള്ള പൂവേ
തണ്ടുകളിൽ മുള്ളുള്ള പൂവേ
ചന്തമേറും കാണാൻ നിന്നുടെ

പേരൊന്നു ചൊല്ലാമോ പൂവേ
പനിനീർ എന്നുവിളിക്കും പനിനീർ എന്നുവിളിക്കും
പൂക്കളിൽ സൗന്ദര്യമേറും പൂവാണല്ലോ ഞാൻ
വെള്ള നിറമുള്ള പൂവേ വെള്ളനിറമുള്ള പൂവേ

കാണാൻ അഴകേറും നിന്നുടെ പേരൊന്നു ചൊല്ലാമോ പൂവേ
ലില്ലിപ്പൂവെന്നു വിളിക്കും ലില്ലിപ്പൂവെന്നു വിളിക്കും
പൂക്കളിൽ കാണാനഴകുള്ളപൂവാണല്ലോ ഞാൻ
വള്ളിയിൽ വിരിയുന്ന പൂവേ വള്ളിയിൽ വിരിയുന്ന പൂവേ

കാണാനഴകുള്ള നിന്നുടെ പേരൊന്ന് ചൊല്ലാമോ പൂവേ
മുല്ലപ്പൂ എന്നു വിളിക്കും മുല്ലപ്പൂ എന്നു വിളിക്കും
സുഗന്ധത്തിൽ രാജാകുമാരി ഞാനെന്ന പൂവാണല്ലോ

ആതിര എസ് എസ്
9 സി

## പൂമണം

ഇത്തിരിപ്പൂമണം തന്നേപോ . . .
പൂമണ സഞ്ചിയും തൂക്കിക്കൊണ്ടോട്ടുന്നോ
രാവണികാറ്റേ നില്ല് നില്ല്
ഇത്തിരിയൊന്നു നീ നിന്നപ്പോ

എനിക്കിത്തിരി പൂമണം തന്നേപ്പോ
കാടായകാടെല്ലാം മിക്കിളി കൂട്ടി നീ
മേടായ മേടെല്ലാം മുട്ടിയുരുമ്മിനീ
പുഴയായി പുഴയെല്ലാം നീന്തിക്കുളിച്ചുനീ

നാടായ നാടെല്ലാം ചുറ്റിക്കറങ്ങിനീ
ആരെ തിരക്കികൊണ്ടോട്ടുന്നു

---


## കടങ്കഥകൾ

നാജിയ എ ൻ
4 ഡി

1. കടുത്ത കാട്ടിൽ ചോരത്തുള്ളി – മഞ്ചാടി
2. തല പൂവ് നടു കാല് അടി മുള്ള് – കൈതച്ചക്ക
3. ചെറു തിരി ഒന്നിൽ ചെറുമണി യേറെ – കുരുമുളക്
4. നിത്യവും കുളിക്കും മഞ്ഞളിൽ നീരാട്ടും
   എന്നിട്ടും കറുത്ത കാക്ക കാക്കയെ പോലെ – അമ്മിക്കല്ല്
5. ഉള്ളിൽ അറബിക്കടൽ അതിനു മേലെ വെള്ളിത്തകിട്
   അതിനു മേലെ പൊന്നിൽ തകിട് ചുറ്റിലും പൊന്തും പൊന്തും – തേങ്ങ

## കൂട്ടുകെട്ട്

സ്നേഹത്തിൻ തണലായൊരു
കൂട്ടുകെട്ട്.....
ദുഃഖത്തിൻ സാന്ത്വനം
കൂട്ടുകെട്ട്.....
മനനവും മോഹവും ഒന്നിച്ച
ചേരുമ്പോൾ പ്രണയത്തിൽ
നിന്നൊരു കൂട്ടുകെട്ട്
മനസ്സിന്റെ ആഴിയിൽ നീന്തി തിമിർക്കുന്ന
സ്വപ്നത്തിൽ നിന്നൊരു
കൂട്ടുകെട്ട്
ഒന്നിച്ചിരിക്കുമ്പോൾ സ്വപ്നങ്ങൾ കാണാനും
സന്തോഷ ദുഖത്തിൽഒന്നിച്ചിരിക്കാനും
എവിടെയും സ്നേഹകരങ്ങൾ നീട്ടി
ഏവർക്കും സാന്ത്വനം ഏകിടാനും
ഇഷ്ടങ്ങളൊക്കെയും പിന്നെയാക്കി
കഷ്ടത്തിലൊക്കെയും കൂട്ടുമായി സ്നേഹത്തിൻ ദീപമാം
ഈ കൂട്ടുകെട്ട് ..



" നിങ്ങൾ മനുഷ്യനായതു കൊണ്ട് മാത്രം വലിയവനാകുന്നില്ല
മനുഷ്യത്വമുള്ളവനാകുമ്പോഴാണ് വലിയവനാകുന്നത് "

ഗാന്ധിജി

ഫാത്തിമ ആർ ജെ

# കേരളത്തെ ആഴത്തിൽ താഴ്ത്തിയ പ്രളയം

മലയാള മനസ്സിൽ എന്നും വിഷമ മയമാക്കുന്ന ആദ്യ പ്രളയം . 2018 ആഗസ്ത് 8 ന് കേരളത്തെ പ്രളയം എന്ന ദുരന്തം വന്നു മൂടി .നാം ഓരോരുത്തരും തന്റെ ജീവിതത്തേക്കാൾ മറ്റു മലയാളികളുടെ ജീവിതത്തിനു പ്രാധാന്യം നൽകി കൈകോർത്തിരുന്നു. എല്ലാവരും തന്റേതായ രീതിയിൽ വലിയ സഹായങ്ങൾ നൽകി കേരളത്തെ പച്ച പിടിപ്പിച്ചെടുത്തു. തന്റെ ജീവിതത്തിൽ എന്നതിനേക്കാൾ ഉപരി താൻ ചെയ്ത നന്മകളെല്ലാം നല്ലതെന്നു വിശ്വസിച്ചിരിക്കുന്നു.

മതമെന്നോ, ജാതിയെന്നോ, ലിംഗമെന്നോ ഇല്ലാതെ എല്ലാവരും ഒരുപോലെ ,ഒരു കുടുംബത്തിന് തുല്യമായി ജീവിച്ചു .ഇരുനില കെട്ടിടങ്ങളിൽ താമസിക്കു - ന്നവനും , ഓലമേഞ്ഞ കുടിലിൽ ജീവിച്ചവനും ഒരു കെട്ടിടത്തിൽ ഒരു പായയിൽ ഒരു പാത്രത്തിൽ കഴിച്ചു . ആധുനിക സജ്ജീകരണങ്ങളെല്ലാം ഒരു പ്രളയത്തിൽ താഴ്ന്നുപോയ് .ഇരുനില കെട്ടിടങ്ങൾ തകിടംമറിഞ്ഞു .

ആഡംബരത്തെയും ഭൂമിയുടെ ഓരോ ദൃശ്യങ്ങൾ കൊണ്ട് ഇതെല്ലം തകിടംമറിക്കാമെന്ന് മനുഷ്യരായ ഞാനടക്കമുള്ള എല്ലാവരും ആലോചിക്കണം .

**സ്നേഹത്താൽ നിറഞ്ഞ ഒരു ഹൃദയവും മറ്റുള്ളവരെ കേൾക്കാൻതയ്യാറുള്ള ഒരു ചെവിയും , മറ്റുള്ളവരെ സഹായിക്കാൻ തയ്യാറുള്ള ഒരു കൈയ്യുമാണ് ഒരു വ്യക്തിയുടെ എറ്റവും ഉപകാരപ്രദമായആസ്തികൾ അല്ലാതെ അറിവ് നിറഞ്ഞ ഒരു ശിരസല്ല**

**--- അബ്ദുൾ കലാം ---**

- അഷ്മി നായർ ഡി എസ്
5 എ

# പിന്നെയും മഴ

മഴ ...
മഴ വന്നു ... മഴ വന്നു ...
മഴ വന്നു പതിയെയെൻ തലയിൽ തൊട്ടു
മഴ വന്നു പതിയെയെൻ കാലിൽ മുട്ടി ;
മഴയെന്റെ പാടിവരെ ഒഴുകിയെത്തി
മഴയെന്റെ പാടത്തൊഴുകിയെത്തി .
മഴ വന്നു താളമായി ,
മഴ വന്നു തകൃതിയായി ,
മഴ വന്നു തോരാതെ ,
മഴ വന്നു തളരാതെ ,
മഴ വന്നു കൂട്ടായി കൂട്ടിനായി ;
മഴ വന്നു കൂട്ടായി കൂട്ടിനായി .
പറയാതെ വന്നു നീ ...
പിരിയാതെ നിന്നു നീ ...
പിന്നെയും ...
പറയാതെ പോയതെന്തേ ?
പറയാതെ അറിയാതെ പോയതെന്തേ ?
മാനം കറുത്തു ......
മഴ പെയ്തിറങ്ങി ......
മഴയെന്റെ കുടിലിന്റെ മാനം തകർത്തു ......
മഴയെന്റെ കിനാവിന്റെ മധുരം പൊഴിച്ചു ......
മാനം തെളിഞ്ഞു .....
മഴവിൽ വിരിഞ്ഞു .....
മലരിന്റെ ...മധുവിന്റെ ...മധുരം കിനിഞ്ഞു .
മലയാള മണ്ണിന്റെ മണവും പടർന്നു .....
മലയോര മണ്ണിന്റെ മാറും കുളിർന്നു .....
പിന്നെയും ...
മഴ വന്നു ...
പിന്നെയും , മഴ വന്നു ...
പ്രളയമായ് ... പ്രളയമായ് ... പ്രളയമായ് ...
പ്രളയമായ് ... പ്രളയമായ് ... പ്രളയമായ് ...

# സത്യസന്ധത

ഒരിടത്ത് ഒരു വലിയ നഗരമുണ്ടായിരുന്നു. അവിടെ സുമ എന്നൊരു പെൺകുട്ടി ഉണ്ടായിരുന്നു. സുമയുടെ വീട്ടുകാർ നഗരത്തിൽ നല്ല രീതിയിൽ താമസിച്ചിരുന്നു. അവളുടെ അച്ഛനും അമ്മയും അവളെ വളരെയധികം സ്നേഹിച്ചിരുന്നു. സുമ എന്ത് ചോദിക്കുന്നുവോ അതെല്ലാം അവർ വാങ്ങികൊടുത്തിരുന്നു. അവളുടെ വീട്ടുകാർ എപ്പോഴെങ്കിലും കടയിൽ പോയാലും സമ്മാനങ്ങളൊക്കെ വാങ്ങിക്കൊടുത്തിരുന്നു. സുമ ഒരു നല്ല കുട്ടിയായിരുന്നു.മാത്രമല്ല പഠിത്തതിലും അവൾ മുന്നിലായിരുന്നു. അവളുടെ ജോലിയൊക്കെ അവൾ വളരെ കൃത്യമായി ചെയ്തിരുന്നു കൂടാതെ അവൾ വളരെ സൗമ്യയും മറ്റുള്ളവരെ അവൾ സ്നേഹിക്കുകയും ചെയ്തിരുന്നു. അവൾ എന്തുചെയ്താലും അതിലൊക്കെ സത്യസന്ധത ഉണ്ടായിരുന്നു.

ഒരു ദിവസം അവൾ സ്കൂളിലേക്ക് പോകുന്ന വഴി ഒരു കൂട്ടം കുട്ടികളെ കണ്ടു. സുമ അവിടെ എന്താണ് സംഭവിക്കുന്നതെന്നോർത്ത് വളരെ കൗതുകകരമായി നോക്കി. അവൾ ആ കൂട്ടത്തിനടുത്തേക്കു ചെന്നു.അപ്പോൾ അവളുടെ സുഹൃത്തായ ജ്യോതി കൂട്ടത്തി – നിടയിൽ നിൽക്കുന്നത് കണ്ടു. ജ്യോതിയിടെ പുതിയ പേനയെപ്പറ്റി കൂട്ടത്തിൽ ചർച്ച ചെയ്യുന്നത് സുമ കേട്ടു.സുമക്ക് ആ പേന വളരെ ഇഷ്ടമായി.സുമ ജ്യോതിയോടു അവളുടെ ബുക്കിൽ പേരെഴുതിനോക്കാൻ പേനയൊന്നു തരുമോ എന്ന് ചോദിച്ചു. അപ്പോഴേക്കും സ്കൂളിലെ മണി മുഴങ്ങി. എല്ലാവരും അസംബ്ലിക്ക് പോയി. ക്ലാസ്സ് ടീച്ചർ സുമയോട് കുറച്ചു ചോക്കുകഷ്ണങ്ങൾ കൊണ്ടുവരാൻ പറഞ്ഞു. അപ്പോൾ സുമ പടികൾ കേറിപ്പോയി.

പക്ഷെ എന്തുകൊണ്ടോ ജ്യോതിയുടെ ബാഗിലുള്ള പേന പുറത്തെടുത്തു കാണു – വാൻ ആഗ്രഹിച്ചു. അപ്പോഴേക്കും സുമയ്ക്ക് ആ പേന വേണമെന്നായി ആ സമയം ആരോ അവിടെ വരുന്ന കാലൊച്ചകേട്ടു. പെട്ടന്ന് അവൾ പേന പോക്കറ്റിലിട്ടു. സുമ തിരിഞ്ഞുനോക്കി. അവളുടെ കൂട്ടുകാരി ശ്രുതി ക്ലാസ്സിലേക്ക് വരുന്നു. ആ ദിവസം ശ്രുതിക്ക് തീരെ വയ്യായിരുന്നു. അതുകൊണ്ട് അവൾക്കു അസംബ്ലിക്ക് പോകാൻ വയ്യായിരുന്നു. സുമ ഉടനെ ചോക്ക് കയ്യിലെടുത്തു താഴേക്ക് ഓടി. ആ പേന അപ്പോഴും അവളുടെ കയ്യിൽ ഉണ്ടായിരുന്നു. അസ്സംബ്ലിക്ക് ശേഷം എല്ലാവരും ക്ലാസ്സിൽ എത്തി. ജ്യോതി ബാഗിൽ പേന നോക്കിയപ്പോൾ ബാഗിൽ പേന ഉണ്ടായിരുന്നില്ല. അവൾ കരയാൻ തുടങ്ങി. ക്ലാസ്സ് ടീച്ചറോട് പരാതി പറയാൻ തുടങ്ങി.അപ്പോൾ തന്നെ ടീച്ചർ എല്ലാ കുട്ടികളെയും ക്ലാസ്സിലേക്ക് വിളിച്ച ശേഷം പറഞ്ഞു അസംബ്ലിക്ക് പോയപ്പോൾ ആരാണ് ക്ലാസ്സിൽ ഉണ്ടായിരുന്നത്.

എല്ലാവരും ശ്രുതിയെ ചൂണ്ടിക്കാണിച്ചു.ശ്രുതി ശരിക്കും നിഷ്കളങ്കയായിരുന്നു. അവൾക്കു പേനയെക്കുറിച്ചു ഒന്നും തന്നെ അറിയില്ലായിരുന്നു. ക്ലാസ് ടീച്ചർ ശ്രുതിയെ വഴക്കു പറഞ്ഞു. അവൾ അല്ല എടുത്തത് എന്ന് പറഞ്ഞിട്ടും ആരും വിശ്വസിച്ചില്ല.ടീച്ചർ ശ്രുതിയോടു

പറഞ്ഞു "നിനക്ക് ഞാൻ ഒരു ദിവസം സമയം തരാം.നീ നാളെ വരുമ്പോൾ സത്യം പറയണം. ഇല്ലെങ്കിൽ ഞാൻ ഹെഡ്മാസ്റ്ററോട് പറയും". സുമ ഇത് കേട്ടയുടൻ പേടിച്ചു വിറച്ചു. അവൾ പേന മുറുകെ പിടിച്ചു. ആ വൈകുന്നേരം സുമ തിരികെ വീട്ടിലെത്തി. അവൾ ചെയ്ത തെറ്റ് അവൾക്കു ഓർക്കാതിരിക്കാൻ കഴിഞ്ഞില്ല.

എന്തെന്നാൽ അവൾ കാരണം ശ്രുതിക്കു വഴക്കു കേൾക്കേണ്ടിവന്നു. ആ കുറ്റബോധത്തിൽ അവൾ അന്ന് രാത്രി ഉറങ്ങിയില്ല. പിറ്റേദിവസം രാവിലെ അവൾ സ്കൂളിൽ എത്തി. ക്ലാസിൽ കയറിയപ്പോൾ ശ്രുതി കരയുന്നതു കണ്ടു.സുമയ്ക്ക് സത്യം പറയാതിരിക്കുവാൻ വയ്യാതായി. ക്ലാസ്സ് ടീച്ചർ വന്നു ശ്രുതിയോട് സത്യം പറയാൻ ആവശ്യപ്പെട്ടു.സുമ എഴുന്നേറ്റു ടീച്ചറോട് പറഞ്ഞു." ടീച്ചർ പേന എന്റ്റെ കൈയിലുണ്ട്. ഇന്നലെ എനിക്ക് പേടിയായിരുന-തിനാലാണ് പറയാതിരുന്നത്. എന്നോട് ക്ഷമിക്കണം.ഞാനൊരിക്കലും ഇത് ആവർത്തിക്കില്ല." സുമ നീ വളരെ സത്യസന്ധതയുള്ള കുട്ടിയാണ്. എല്ലാവരുടെയും മുന്നിൽ തെറ്റ് അംഗീകരി -ക്കുന്നത് ചെറിയ കാര്യമല്ല.നമ്മളെല്ലാവരും തെറ്റ് ചെയ്യും എന്നാലത് മനസ്സിലാക്കി തിരുത്തു -ന്നതാണ് യഥാർത്ഥ ശരി. സുമ ശ്രുതിയോട് മാപ്പ് ചോദിക്കണം. ഇനി മേലിൽ ഇങ്ങനെ ആവർത്തിക്കില്ല എന്നു പറയൂ. " ടീച്ചർ സുമയോട് പറഞ്ഞു. സുമ ശ്രുതിയോട് മാപ്പു ചോദിച്ചു. പേന തിരികെ ജ്യോതിയ്ക്ക് കൊടുത്തു എല്ലാവരും സുമയുടെ സത്യസന്ധത തിരിച്ചറിഞ്ഞ് കൈയടിച്ചു.



ചെന്നെത്തുന്നതെവിടെയെങ്കിലുംമാകട്ടെ
സത്യത്തെ തന്നെ പിൻതുടരുക
ഭീരുത്വവും കാപട്യവും ദൂരെ കളയുക

സ്വാമി വിവേകാനന്ദൻ

തീർത്ഥ എസ് ജെ
4 സി

# പ്രകൃതിയും ഞാനും

നോക്കു തുമ്പി , കമ്പി പൂത്തിരിചിതറും

പോലെ മഴവന്നെ

കണ്ണിനു പൂരം മിന്നലുകൾ

കാതിനു ഘോഷം ഇടിനാദം

പതിയെപ്പതിയെ ചാടിവരുന്നു

താവളക്കൂട്ടം പട്ടാളം

തോടുകൾ,വയലുകളൊക്കെ


വരൽമീൻ തുള്ളിച്ചാടുന്നത് കണ്ടോ?

നീലാകാശച്ചെരുവിൽ

പീലിവിടർത്തിവരുന്നൊരു മഴവില്ലേ

പോകരുതേ നീ എന്നും വാനിൽ

ചിത്രമൊരുക്കി വസിക്കാനാ



**ജീവിക്കാൻ വേണ്ടിയാകണം ഭക്ഷണം**

**ഭക്ഷിക്കാൻ വേണ്ടിയാകരുത് ഭക്ഷണം**

**സോക്രട്ടീസ്**

# കടങ്കഥ

ശ്രീനന്ദ വി ആർ
2 സി

1. അല്പം പോലെ തടിയുണ്ട് അല്പം മാത്രം തലയുണ്ട് — ആമ
2. ഞെട്ടില്ലാ വട്ടയില — പപ്പടം
3. കാള കിടക്കും കയറോടും — മത്തങ്ങ
4. അകത്തറുത്താൽ പുറത്തറിയും — ചക്ക
5. മുറ്റത്തെ ചെപ്പിനടപ്പില്ല — കിണർ
6. ഉറങ്ങും പക്ഷേ കണ്ണടക്കില്ല — മീൻ
7. ഒരു അമ്മയ്ക്ക് ആയിരം മക്കൾ — ചൂൽ
8. അകത്തേക്ക് പോകുമ്പോൾ പച്ച പുറത്തേക്ക് വരുമ്പോൾ ചുവപ്പ് — വെറ്റില
9. അകത്ത് രോമം പുറത്തിറച്ചി — മൂക്ക്
10. അകന്നുനിന്നു നോക്കിക്കാണും കണ്ടതെല്ലാം ഉള്ളിലാക്കും — ക്യാമറ
11. അകത്തിരിപോനെ പുറത്തു കാട്ടും കണ്ണാടി — മുഖം
12. അങ്ങോട്ടോടും ഇങ്ങോട്ടോടും നേരെ നിന്ന് സത്യം പറയും — ത്രാസ്സ്
13. അക്കരെ നിൽക്കും മച്ചമ്പി
    ഇക്കരെ നിൽക്കും മച്ചമ്പി
    കടലിൽ ചാടും മച്ചമ്പി
    കുന്നിൽ മുകളിൽ കയറും മച്ചമ്പി — സൂര്യൻ
14. അച്ഛൻ മുള്ളൻ അമ്മ മിനു മിനു മോള് മണി മണി — ചക്ക
15. അച്ഛൻ തന്ന ചോറുരുള തിന്നിട്ടും തിന്നിട്ടും തീരുന്നില്ല — ചുണ്ണാമ്പ്
16. അച്ഛൻ സൂര്യൻ അമ്മ കടൽ
    കടൽ തൊട്ട്കൊട്ടാരം വരെ പ്രവേശനമുള്ള
    ഇത്തിരി കുഞ്ഞിന്റെ പേര് ചൊല്ലാമോ? — ഉപ്പ്

സുനിൽ കുമാർ എൻ
എച്ച് എസ് ടി മലയാളം

# ഉയർത്തെഴുന്നേൽപ്പ്

വെറുമൊരോർമ്മ വിട്ടുയിരു ചൂടുന്നിതാ
കരളുപൊട്ടിച്ചുരന്നവൾ മൂന്നാർ....
മലയിടിഞ്ഞു കുടിയിറങ്ങിപ്പോയ
വഴികൾമെല്ലെത്തിരിച്ചു കേറുന്നിതാ.....
ഹരിതനാമ്പുകൾക്കിടയിൽ നിന്നും മഴ-
ച്ചടവുമാറ്റിക്കൺ തുറന്നൂ കുറിഞ്ഞികൾ.....
പ്രണയനീഹാരമൂതിപ്പുതപ്പിച്ചു
വ്രണിത മാനസം മൂടുന്നു കുന്നുകൾ......!
കരയിലേറിക്കടന്നുഗ്ര താണ്ഡവം
ചടുലമാടിത്തിമിർത്ത പെരിയാറിവൾ
കടവിലിന്നാനന്ദ ലാസ്യതാളം നെയ്തു
കനവുപോൽ നീണ്ടു നീണ്ടോടി മാഞ്ഞീടുന്നു...
പുരികവില്ലുചുളിച്ചാത്ത രോഷത്തിൻ
പരിധിവിട്ടു പടർന്നവൾ പമ്പയും
ശരണമന്ത്രത്തിരകളാൽ ശാന്തയായ്
ചരണമാകെ തലോടിത്തുളുമ്പുന്നു...
ഇടമലയാറുമിടനെഞ്ചുപൊട്ടിയ-
ന്നിടറി വീണയിടത്താവളങ്ങളും
ഇമതുടച്ചു വിളിക്കുന്നു പിന്നെയും
“ഇവിടെ ഞങ്ങളുണ്ടിങ്ങോട്ടു പോരിക....”
തിരികൾ നീട്ടുന്നുയർത്തെഴുന്നേൽപ്പിന്റെ
ചിരിയുമായ് കുട്ടനാടിൻ കതിരുകൾ...
ഫണമുയർത്തിപ്പെരും പ്രളയം വന്ന
വഴികളിൽ വെയിൽ നിർഭയം മേയുന്നു...

ഇവിടെയിങ്ങനെയാണിതു കേരളം
ഇല്ലായ്മ ചെയ്യുവാനാവാത്തതാം വിധം
അടികൾ മൂന്നാലളന്നെടുത്തീടിലും
അടിപതറാത്തതാം സംസ്കാര പൈതൃകം....!
ആജ്ഞകൾ കൊണ്ടല്ലിവിടെ വളർന്നു നാം
ആത്മബോധത്താലകമേ വിളങ്ങവർ
ഭിക്ഷ ചോദിക്കുമർത്ഥിക്കുതൻ സ്വയ-
രക്ഷ നോക്കാതെ , ശീർഷം കൊടുത്തവർ....!
പരശുനീട്ടി, പരശതം , വേർപ്പിന്റെ
കടൽ കടഞ്ഞു മെനഞ്ഞതാം നാടിതു
ദുരിതമെത്രമേൽ മുക്കിയാലും കുളി-
ച്ചുദയ സൂര്യ പ്രഭയിൽ ചിരിച്ചിടും...
വാമനത്വം മനസ്സിലൊളിപ്പിച്ചു
മാറി മാറി ഭരിച്ച പ്രമാണിമാർ
തന്നതൊക്കെപ്പൊളിവചനങ്ങളും
കള്ളനാഴിയിൽ കണ്ണുനീർക്കയ്പ്പും...!
എങ്കിലും സ്വയം കേറിനാം പാതാള
പങ്കിലാഴങ്ങളിൽ നിന്നുമോരോ വർഷം
മണ്ണിലും മറുനാട്ടിലും വിഴിച്ച,
എണ്ണമില്ലാത്ത വിയർപ്പിൻ കരുത്തുമായി...
ഇന്നുമതു തുടരുന്നൂ തളരാതെ,
ഇന്നലകളെ തെല്ലും മറക്കാതെ...
വന്ന് പോകുമധികാര ധാർഷ്ട്യങ്ങൾ
കണ്ണടച്ചാലും കണിക്കൊന്ന പൂക്കും....

നിരൺ ബി നായർ
( 9 ഐ )

## അമ്മ

പാട്ടുപാടിത്തരാനമ്മയുണ്ട്
ചോറു വാരിത്തരാനമ്മയുണ്ട്
കൂട്ടു കൂടീടുവാൻ  ചേട്ടനുണ്ട്
കൂടെ കളിക്കുവാൻ ചേച്ചിയുണ്ട്
തോളത്തെടുക്കുവാനപ്പൂപ്പൻ
കൂടെക്കിടക്കുവാനമ്മൂമ്മ
പുത്തനുടുപ്പുവാങ്ങിത്തരുന്ന
അച്ഛനെ എനിക്കേറെയിഷ്ടം
എന്നാലും എന്റെ അമ്മയാ
ണെനിക്ക്  ഏറെ ഇഷ്ടം.

സമുദ്രജലത്തിലെ ഏതാനും തുള്ളികൾ മലിനമായാൽ
സമുദ്രം മുഴുവൻ മലിനമാകില്ല.  മനുഷ്യനും  മനുഷ്യവംശവും
അതുപോലെയാണ്
ഗാന്ധിജി

അഭിൻ. ജെ
8.ഇ

# ഡ്രാക്കുള – കോട്ടയിലെ ശവങ്ങൾ

സീൻ 1

ഒരു ദിവസം ഒരു സ്ത്രീയും ഒരു പുരുഷനും ഒരു ബംഗ്ലാവിൽ എത്തി .ബംഗ്ലാവ് പൊടിയും മാറാലയും പിടിച്ചുകിടക്കുകയാണ് . ഇരുട്ടിന്റെ നിഗൂഢതയിൽ ഒരു നിഴൽ .അവർ നിശ്ചലമായി .അവർ അയാളെ കണ്ടുപേടിച്ചു . പല്ലുകളിൽ ചോര . ചുണ്ടിൽ ചോര .ഒരു തലയോട്ടി അയാളുടെ കൈയിൽ ഇരിക്കുന്നു .അവരെ രണ്ടു പേരെയും അയാൾ പിടിച്ചുക്കൊണ്ടുപോയി . പിന്നെ അവരെ കണ്ടുപിടിച്ചിട്ടില്ല .

സീൻ 2

ഡ്രാക്കുള കോട്ടയിൽ പ്രേതമുണ്ടോ ഇല്ലയോയെന്ന് റിസർച്ചിന് ആളുകൾ വന്നു. അവർ ആ ബംഗ്ലാവിലെ വാതിൽ തുറന്നതും വവ്വാലുകളും നരിച്ചിലുകളും അവരെ ആക്രമിച്ചു .അപ്പോൾ അവർ പറഞ്ഞു " പഴയ വീടല്ലേ ! വവ്വാലുകളും നരിച്ചിലുകളും കടന്നുവെന്നു പറഞ്ഞു .അവർ മുന്നോട്ട് നടന്നു . അവർ പ്രേതത്തെ വിശ്വസിച്ചിരുന്നില്ല . അപ്പോൾ ഒരാൾ അവരുടെ മുന്നോട്ട് കടന്നു പോകുന്നു . അയാൾ കറുത്ത വേഷം ധരിച്ചിരുന്നു .കൂർത്ത രണ്ട് കോമ്പല്ലുകൾ ,കറുത്തമുഖം ,നീണ്ട നഖങ്ങൾ ,അയാളെ കണ്ട് അവർ പേടിച്ചു .അവർ ഓടാൻ തുടങ്ങി .അയാൾ അതിൽ ഒരാളെ പിടിച്ചു കഴുത്തിൽ നഖങ്ങൾ കുത്തിയപ്പോൾ അവർ എങ്ങോട്ടോ ഓടി .

സീൻ 3

അവർ എല്ലാവരും ഒരുമിച്ച് ആ പ്രേതത്തെ ആക്രമിച്ചു. പക്ഷെ ആ പ്രേതത്തെ ആക്രമിച്ചപ്പോൾ കുറെ പ്രേതങ്ങൾ അവരെ വീണ്ടും ആക്രമിച്ചു . ഓരോരുത്തരെയും ആ പ്രേതം ആക്രമിച്ചു . അവരെ എല്ലാവരെയും കൊന്നൊരു സ്ഥലത്തിട്ടു . അവിടെ കുറെ അസ്ഥിക്കൂടങ്ങൾ കിടക്കുന്നു . അവർ ഇങ്ങനെ കുറെ മനുഷ്യരെ കൊന്നുകാണും . പിന്നെ ആരും ആ ബംഗ്ലാവിൽ പോയിട്ടില്ല ...

## ഗാന്ധി ക്വിസ്

കാർത്തിക് എസ് എസ്
3 എ

1 . ഗാന്ധിജിയുടെ മുഴുവൻ പേര് ?

മോഹൻദാസ് കരംചന്ദ് ഗാന്ധി

2 . ഗാന്ധിജിയുടെ പിതാവിന്റെ പേര് ?

കരംചന്ദ് ഗാന്ധി

3 . ഗാന്ധിജിയുടെ മാതാവിന്റെ പേര് ?

പുതലിഭായ്

4 . ഗാന്ധിജി ജന്മദിനം ?

1869 ഓക്ടോബർ 2

5 . ഗാന്ധിജിയെ ആദ്യമായി രാഷ്ട്ര പിതാവ് എന്ന് വിളിച്ചതാര് ?

സുഭാഷ് ചന്ദ്ര ബോസ്

6 . ഗാന്ധിജിയുടെ ആത്മകഥാ ?

എന്റെ സത്യന്വേഷണ പരീക്ഷണങ്ങൾ

7 . ഗാന്ധിജിയെ മഹാത്മാ എന്ന് വിളിച്ചതാര് ?

രവീന്ദ്ര നാഥ് ടാഗോർ

8 . എന്റെ ഹൃദയത്തിലെ ഗാന്ധി എന്ന പുസ്തകം എഴുതിയതാര് ?

ഗുരു നിത്യചൈതന്യയതി

9 . ഗാന്ധിജി രൂപം കൊടുത്ത സമരമാർഗം ?

സത്യാഗ്രഹം

10 . ഗാന്ധിജിയെ കുറിച്ച് വള്ളത്തോൾ എഴുതിയ കവിത ?

എന്റെ ഗുരുനാഥൻ

11 . ഗാന്ധിജിയുടെ രാഷ്ട്രഗുരു ആര് ?

ഗോപാലകൃഷ്ണൻ ഗോഖലെ

12 . ഗാന്ധിജിയുടെ ഭാര്യ ആര് ?

കസ്തൂർബാ ഗാന്ധി

13 . ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ പ്രസിദ്ധീകരിച്ച പത്രം ?

ഇന്ത്യൻ ഒപീനിയന്

14 . ഗാന്ധിജിയുടെ അഭിപ്രായത്തിൽ സത്യത്തെ അറിയാൻ ഏറ്റവും പ്രയോജനപെടുന്ന പുസ്തകം ?

ഭഗവത് ഗീത

15 . ഗാന്ധിജി കൊല്ലപ്പെട്ട വർഷം ?

1948 ജനവരി 30

ഫർസാന എൻ എസ്
9 സി


# എന്റെ പ്രിയ സൂര്യൻ

നീ ഇന്നു മാത്രം എങ്ങുമറഞ്ഞിതോ
നിത്യവും എൻ മനതാരിൽ നിൻ ലോല
തന്ത്രികൾ സ്പർശിച്ചതു ഞാൻ
ഓർക്കുന്നു എൻ പ്രിയ അർക്കൻ

നീ ഇന്നുമാത്രം എങ്ങുമറഞ്ഞിതോ
എൻ ലോലഹൃദയം നീ കണ്ടില ...
നിത്യവും സൂര്യകാന്തിപ്പൂ വിടരുന്നപോലെ
നീ എന്തെ വന്നില്ല

രാവിൻ സൂര്യനെ സ്നേഹിക്കും
താമര പോലെ സന്ധ്യയിൽ
രാത്രിയുടെ മണി ദീപമാകുന്ന ചന്ദ്രനെ
നിത്യവും സ്നേഹിക്കുന്ന ആമ്പൽപോൽ

നാൻ നിന്നെ നിത്യവും സ്നേഹിച്ചു കാത്തിരിക്കും
നീ ഇന്ന് മാത്രം എങ്ങുമറഞ്ഞിതോ
എന്റെ പ്രിയ കാമുകൻ അർക്കൻ



"കൂടിയല്ല പിറക്കുന്ന നേരത്തും ,
കൂടിയല്ല മരിക്കുന്ന നേരത്തും ,
മധ്യേയിങ്ങനെ കാണുന്ന നേരത്തും ,
മൽസരിക്കുന്നു നാം വൃഥാ "

പൂന്താനം

# ലിറ്റിൽ കൈറ്റ്സ്

സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരവും സർഗ്ഗാത്മകവുമായി പ്രയോജനപ്പെടുത്തുന്നതിനായി " ലിറ്റിൽ കൈറ്റ്സ് " എന്ന കുട്ടികളുടെ ഐ ടി കൂട്ടായ്മ വളരെ വിജയകരമായി നമ്മുടെ സ്കൂളിൽ നടന്നു വരുന്നു. കൈറ്റ്സിലെ കുട്ടികൾ വളരെ ഉൽസാഹത്തോടുകൂടിയാണ് എല്ലാ ബുധനാഴ്ചകളിലും ചില ശനിയാഴ്ച - കളിലും നടക്കുന്ന ക്ലാസുകളിൽ പങ്കെടുക്കുന്നത്. അനിമേഷൻ പ്രോഗ്രാമിംഗ് , മൊബൈൽ ആപ് നിർമ്മാണം , റോബോട്ടിക്സ് , ഇലക്ട്രോണിക്സ് , ഹാർഡ്‌വെയർ , മലയാളം ടൈപ്പിംഗ് , ഇൻർനെറ്റ് തുടങ്ങി വിവിധ മേഖലകളിൽ കുട്ടികൾക്ക് പരിശീലനം നൽകി വരുന്നു. " ലിറ്റിൽ കൈറ്റ്സ് " റിസോഴ്സ് പേഴ്സൻമാരുടെ പരിശീലനം തെരെഞ്ഞെടുക്ക - പ്പെട്ടിട്ടുള്ള കുട്ടികൾക്ക് ലഭികുന്നുണ്ട്. കൈറ്റ് മാസ്റ്റർ ശ്രീ സുരേഷ് കുമാർ , കൈറ്റ് മിസ്ട്രസ് ശ്രീമതി വിനീത വി എസ് എന്നിവരുടെ നേതൃത്തിലാണ് പരിശീലനം നടക്കുന്നത്.

## ലിറ്റിൽ കൈറ്റ്സ് പ്രവർത്തന റിപ്പോർട്ട്

2019-20 അധ്യയന വർഷം മുതലാണ് ജി വി എച്ച് എസ് എസ് കല്ലറയിൽ ലിറ്റിൽ കൈറ്റ്സ് ഐ റ്റി ക്ലബ് തുടങ്ങിയത് . ഓരോഅധ്യയന വർഷവുംഎട്ടാം ക്ലാസിലെ 40 കുട്ടികളാണ് പരീക്ഷയിലൂടെ ഇതിൽ അംഗങ്ങൾ ആകുന്നത്.2019-20 ബാച്ചിലെ കുട്ടികൾ അവരുടെ വ്യക്തിഗത പ്രോജക്ടുകളും ഗ്രൂപ്പ് പ്രോജക്ടുകളും സമർപ്പിക്കുകയും അവയുടെ മൂല്യനിർണയം നടത്തി ഗ്രേഡുകൾ നൽകുകയും ചെയ്തു .

പത്താം ക്ലാസിലെ കുട്ടികളുടെ ഗ്രൂപ്പ് പ്രൊജക്റ്റിന്റെ ഭാഗമായി നമ്മുടെ സ്കൂളിൽ നിന്ന് പത്ത് കിലോമീറ്റർ അകലെയുള്ള കാർഷിക സംരംഭം ആയ ഡ്രാഗൺ ഫ്രൂട്ട് സന്ദർശിക്കുകയും ഡോക്യുമെൻററി തയ്യാറാക്കുകയും ചെയ്തു. നമ്മുടെ സ്കൂളിലെ കാർഷിക ക്ലബ്ബിൻറെ നേതൃത്വത്തിൽ നടന്നു വരുന്ന കൃഷിയെ കുറിച്ച് മറ്റൊരു ഡോക്യുമെന്ററിയും തയ്യാറാക്കി.

ഒമ്പതാം ക്ലാസിലെ കുട്ടികളുടെ പഠനപ്രവർത്തനങ്ങൾ ആയ അനിമേഷൻ, ഗ്രാഫിക്സ്,സ്ക്രാച്ച്, എം ഐ റ്റി ആപ്പ് ഇൻവെന്റർ,റോബോട്ടിക്സ് തുടങ്ങിയവയിൽ എല്ലാ ബുധനാഴ്ചയും ക്ലാസുകൾ നടന്നു വരുന്നു. ഇവരുടെ സ്കൂൾതല ക്യാമ്പ് സംഘടിപ്പിക്കുകയും

തിരഞ്ഞെടുക്കപ്പെട്ട എട്ട് കുട്ടികൾ സബ്ജില്ലാ ക്യാമ്പിൽ പങ്കെടുക്കുകയും അതിൽ ഫായിസുൾ റഹ്മാൻ അനിമേഷൻ വിഭാഗത്തിലും ആലംഷാ,നന്ദകൃഷ്ണ എന്നിവർ പ്രോഗ്രാമിങ് വിഭാഗത്തില്ലും ജില്ലാതല ക്യാമ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. എട്ടാം ക്ലാസിലെ

കുട്ടികൾക്ക് ലിറ്റിൽ കൈറ്റ്സിൽ അംഗങ്ങൾ ആകാനുള്ള പ്രഥമിക പരീക്ഷ ഈ വർഷം ആദ്യം തന്നെ നടത്തുകയും 40 കുട്ടികളെ തിരഞ്ഞെടുക്കുകയും ചെയ്തു .

എട്ടാം ക്ലാസിലെ കുട്ടികൾക്കായുള്ള പ്രാഥമിക ക്യാമ്പ് ഡിസംബർ മാസം സംഘടിപ്പിച്ചു .ക്യാമറ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനങ്ങളും ഇവർക്ക് നൽകുന്നു .സ്കൂളിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും ക്യാമറ ഉപയോഗിച്ച്പകർത്തുകയും ഡോക്യുമെന്ററികൾ തയ്യാറാക്കുകയും ചെയ്യുന്നു.

ലിറ്റിൽകൈറ്റ്സ്അംഗങ്ങൾക്ലാസിലെഡിജിറ്റൽഉപകരണങ്ങൾസംരക്ഷിക്കുന്നതിനുംപ്രവർത്തിപ്പിക്കുന്നതിനും അധ്യാപകരെ സഹായിക്കുന്നു. ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഈ വർഷം അമ്മമാർക്ക് സ്മാർട്ട് ഫോണുകളിൽ സമഗ്ര ആപ്പ് ഇൻസ്റ്റാൾ ചെയ്യുന്ന വിധം, ക്യു ആർ കോഡ് സ്കാനർ ഉപയോഗിക്കുന്നവിധം തുടങ്ങി വ്യത്യസ്ത മേഖലകളിൽ ക്ലാസ് സംഘടിപ്പിച്ചു .കൂടാതെ എട്ടാം ക്ലാസ്സിലെ കുട്ടികൾക്കായി സൈബർ ക്രൈം ബോധവൽക്കരണ ക്ലാസ്സ് ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം എന്നിവയുംനൽകി. എല്ലാ വർഷവും സ്കൂൾതല ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതും ലിറ്റിൽ കൈറ്റ്സ് കുട്ടികളാണ്.

## ലിറ്റിൽ കൈറ്റ്സ് പത്താം തരത്തിലെ കുട്ടികൾ



## ലിറ്റിൽ കൈറ്റ്സ് ഒൻപതാം തരത്തിലെ കുട്ടികൾ



## ലിറ്റിൽ കൈറ്റ്സ് എട്ടാം തരത്തിലെ കുട്ടികൾ



# ഗണിതശാസ്ത്ര ക്ലബ്ബ്

## പ്രവർത്തന റിപ്പോർട്ട്

2019 – 2020 വർഷത്തെ ഗണിതശാസ്ത്രക്ലബ്ബിന്റെ ഉദ്ഘാടനം മുൻ എച്ച് എം ശ്രീ. വിജയകുമാർ സാർ നിർവഹിച്ചു. എല്ലാ ഗണിതശാസ്ത്ര അധ്യാപകരും ക്ലബ്ബ് അംഗങ്ങളും പങ്കെടുത്തു. ഗണിതശാസ്ത്ര ക്വിസ് സംഘടിപ്പിച്ചു . സ്കൂൾ തല വിജയികളെ സബ് ജില്ലയിൽ മത്സരിപ്പിച്ചു. ഗണിതശാസ്ത്ര മേളക്ക് മുമ്പ് ജ്യോമട്രിക്കൽ ചാർട്ടിനെക്കുറിച്ചും മറ്റ് മത്സരയിനങ്ങളെ കുറിച്ചും കുട്ടികളെ പരിചയപ്പെടുത്തി. സുരേഷ് കുമാർ സാറും മൻസൂർ സാറും നേതൃത്വം നൽകി. സബ്ജില്ലാ മേളയിൽ പങ്കെടുത്തു വിജയിച്ച കുട്ടികളെ ജില്ല മത്സരങ്ങളിൽ പങ്കെടുപ്പിച്ചു .സബ്ജില്ലാ മേളകളിൽ കല്ലറ സ്കൂളിനായിരുന്നു ഓവറാൾ. ജില്ലാ മേളയിൽ നിന്നും അഞ്ചു കുട്ടികൾക്ക് സംസ്ഥാന മത്സരങ്ങളിൽ പങ്കെടുക്കാൻ അവസരം ലഭിച്ചു . തൃശൂരിൽ നടന്ന സംസ്ഥാന മേളയിൽ ഷബാന പ്യുവർ കൺസ്ട്രക്ഷനിൽ മൂന്നാം സ്ഥാനവും A ഗ്രേഡും നേടി. മറ്റുള്ളവർക്ക് A ഗ്രേഡ് ലഭിച്ചു. രാമാനുജൻ സെമിനാറിൽ ഷബാനയ്ക്ക് സംസ്ഥാനതലത്തിൽ മൂന്നാം സ്ഥാനം ലഭിച്ചു.ഭാസ്കരാചാര്യ പേപ്പർ പ്രസന്റേഷനിൽ സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനവും നേടി .അഖില ദേവ് നമ്മുടെ സ്കൂളിനെ പ്രശസ്തിയുടെ നെറുകയിൽ എത്തിച്ചു .ഇക്കഴിഞ്ഞ ശാസ്ത്രരംഗം മത്സരത്തിൽ ഗണിതശാസ്ത്രത്തിൽ നമ്മുടെ സ്കൂളിലെ നന്ദു കൃഷ്ണ സംസ്ഥാന തല മത്സരത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.



ഭാസ്കരാചാര്യ പേപ്പർ പ്രസന്റേഷനിൽ
സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം
നേടിയ **അഖിലാദേവ് യു**



രാമാനുജൻ സെമിനാർ, പ്യുവർ കൺസ്ട്രക്ഷൻ ഇവയിൽ
സംസ്ഥാനതലത്തിൽ മൂന്നാം സ്ഥാനം
നേടിയ **ഷബാന**

## സംസ്ഥാനതല ശാസ്ത്രമേളയിൽ പങ്കെടുത്ത മറ്റു കുട്ടികൾ

### ഗണിതശാസ്ത്രമേള



നവമി എസ് ബിജു

ഗണിതശാസ്ത്രം



അർച്ചന ജെ എസ്

ഗണിതശാസ്ത്രം



അമ്പാടി ആർ

ഗണിതശാസ്ത്രം



കാളിദാസ് ജെ ആർ

ഗണിതശാസ്ത്രം

### പ്രവർത്തിപരിചയമേള



ഹന്നത്ത് സാറ

### സാമൂഹികശാസ്ത്രമേള



അഭയദേവ് എ എം



അഭീറാം എസ്

( അഭിനന്ദനങ്ങൾ )

# എസ്. പി. സി യുണിറ്റ്

2017 – 2018 അധ്യയന വർഷം മുതലാണ് കല്ലറ GVHSS-ൽ STUDENT'S POLICE CADET PROJECT ആരംഭിച്ചത്. ഒരു അധ്യയന വർഷം 8-ാം ക്ലാസിലെ ആകെ 44 കുട്ടികൾക്ക് spc യൂണിറ്റിലേയ്ക്ക് പ്രവേശനം ലഭിക്കുന്നു. കായികക്ഷമത, എഴുത്തുപരീക്ഷ എന്നിവയിലൂടെ കുറ്റമറ്റ രീതിയിലാണ് കുട്ടികളെ തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് പൗരബോധവും, ലക്ഷ്യബോധവും, സാമൂഹിക പ്രതിബദ്ധതയും ഉണ്ടാക്കുന്നതിനാവശ്യമായ ഇൻഡോർ ക്ലാസ്സുകൾ , കായികക്ഷമത, നേതൃത്വപാടവം, കൃത്യനിഷ്ഠ തുടങ്ങിയ സ്വഭാവ ഗുണങ്ങൾ, ഔട്ട്ഡോർ ക്ലാസ്സുകളിലൂടെ ഉറപ്പാക്കുന്നു. ചെറുപ്രായത്തിൽ തന്നെ കുട്ടികളിൽ അച്ചടക്കം,സേവനസന്നദ്ധത, ദേശസ്നേഹം, നിയമങ്ങളോടുള്ള ബഹുമാനം, അർഹരായവരോട് സഹാനുഭൂതി എന്നിവ വളർത്താൻ SPC പ്രവർത്തനങ്ങളിലൂടെ കുട്ടികളെ പ്രാപ്തരാക്കുന്നു.

### നിലവിലെ കേഡറ്റുകളുടെ വിശദാംശം

| സൂപ്പർ സീനിയർ | ക്ലാസ്സ് 10 |
|---|---|
| ആൺ | 22 |
| പെൺ | 22 |
| ആകെ | 44 |

| സീനിയർ | ക്ലാസ്സ് 9 |
|---|---|
| ആൺ | 21 |
| പെൺ | 22 |
| ആകെ | 43 |

| ജൂനിയർ | ക്ലാസ്സ് 8 |
|---|---|
| ആൺ | 22 |
| പെൺ | 22 |
| ആകെ | 44 |

നിലവിൽ 8,9,10 ക്ലാസുകളിലായി ആകെ 131 STUDENT POLICE CADET കൾ നമ്മുടെ സ്കൂളിലുണ്ട്.

## 2019-2020 അധ്യായന വർഷത്തെ SPC പ്രവർത്തന മികവുകൾ

**ജൂൺ 5**

**സ്കൂൾ പ്രവേശനോത്സവത്തിന്റെ മുന്നോടിയായി SPC CADET കൾ സ്കൂളിലെത്തുകയും എല്ലാവിധ അലങ്കാരപ്രവർത്തനങ്ങളിലും, ശുചീകരണ പ്രവർത്തനങ്ങളിലും സജീവ പങ്കാളിത്തം ഉറപ്പാക്കി. കൂടാതെ സ്കൂളിന്റെ പല ഭാഗങ്ങളിലായി വൃക്ഷത്തൈകൾ നടുകയും, പരിസ്ഥിതി ദിനാചരണത്തിൽ പങ്കെടുക്കുകയും ചെയ്തും.**

**ജൂൺ 6**

**പ്രവേശനോത്സവത്തിൽ സജീവ സാന്നിദ്ധ്യം ഉറപ്പാക്കി. കൂടാതെ ജൂൺ മാസത്തിൽ യോഗദിനാചരണം,ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ തുടങ്ങിയവയും നടത്തി.**

**ജൂലൈ**

**ജൂലൈ മാസത്തിൽ ചാന്ദ്രദിനാചരണം,കാർഗിൽ വിജയ്ദിന സന്ദേശം, ചന്ദ്രയാൻ-2 സംബന്ധിച്ച ക്ലാസ്സ് എന്നിവ നടന്നു. ജൂലൈ മാസത്തിൽ നടന്ന അഭിമാനകരമായ മറ്റൊരു പ്രവർത്തനമാണ് . സതേൺ എയർ കമാന്റിന്റെ നേതൃത്വത്തിൽ നടന്ന എയർഫോർസ് ടീമിന്റെ മെഡിക്കൽ ക്യാമ്പിന് spc കേഡറ്റുകൾ നൽകിയ വോളന്റിയർ പ്രവർത്തനം. ഇതിനോടനുബന്ധിച്ച് മുഴുവൻ spc. കേഡറ്റുകൾക്കും ജൂലൈ 30 ന് ശംഖുമുഖത്ത് നടന്ന മിലിട്ടറി എയർക്രാഫ്റ്റ് എക്സ്പോയിൽ പങ്കെടുക്കാനായതും സന്തോഷകരമായ കാര്യമാണ്.**

**ആഗസ്റ്റ്**

